**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1225** **04-07-2022 - ൽ മറുപടിയ്ക്ക്**

**റോഡ് കുഴിക്കുന്നതിനുള്ള അനുമതിയിലെ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി റോഡ് കുഴിക്കുന്നതിനുള്ള അനുമതി പൊതുമരാമത്ത് വകുപ്പ് നൽകുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ജലജീവൻ പദ്ധതിയുമായി ബന്ധപ്പെട്ട് റോഡ് കട്ടിംഗിനായി നിലവിലെ ഗവൺമെന്റ് ഉത്തരവുകൾ പ്രകാരം അപേക്ഷകൾ ROW Portal -ൽ ലഭ്യമാകുന്ന മുറയ്ക്ക് അനുമതി നൽകുന്നുണ്ട്. ചില അവസരങ്ങളിൽ സൈറ്റിലെ സാഹചര്യങ്ങൾ കണക്കിലെടുത്ത് കട്ടിംഗ് അനുമതി നൽകുന്നത് മാറ്റിവയ്ക്കേണ്ടതായി വരുന്നുണ്ട്. കൂടാതെ മൺസൂൺ നിരോധനം നിലനിൽക്കുമ്പോഴും റോഡ് കട്ടിംഗിനായി അനുമതി നൽകാനാവില്ല. പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകൾ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ കത്ത് നമ്പർ RW/NH - 33044/2015/S&R(R)തീയതി 22/11/2016-ലെ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്. ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ RO, MoRTH -ന് അപേക്ഷ സമർപ്പിക്കുമ്പോൾ RO, MoRTH സ്ഥലം നേരിട്ട് പരിശോധിച്ചതിന് ശേഷമാണ് റോഡ് കുഴിക്കുന്നതിനുള്ള അനുമതി നൽകുന്നത്. |
| (ബി) | ഗ്യാരണ്ടീഡ് റോഡുകളുടെ കാര്യത്തിൽ അനുമതി നൽകുന്നതിനുള്ള തടസ്സം നീക്കുന്നതിന് പൊതുമാനദണ്ഡം രൂപീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | ഡിഫക്ട് ലയബിലിറ്റി പരിധിയുള്ള റോഡുകളിൽ റീസ്റ്റോറേഷൻ ചാർജ്ജിന്റെ 10% സെക്യൂരിറ്റി ഡിപ്പോസിറ്റ് നൽകി നിബന്ധനകൾക്ക് വിധേയമായി റോഡ് കുഴിക്കുന്നതിന് അനുമതി നൽകുന്നതിനായി പൊതുമാനദണ്ഡം രൂപീകരിച്ച് 24.02.2022-ലെ ജി.ഒ.(എം.എസ്.)നം.8/2022/ പൊ.മ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (സി) | ഗെയിൽ വാതക പൈപ്പ് ലൈൻ ഇടുന്നതിന് നൽകുന്ന അനുമതിക്ക് സമാനമായി ജലജീവൻ പദ്ധതിയെക്കൂടി പരിഗണിക്കാൻ തയ്യാറാവുമോ? | (സി) | പരിശോധിച്ച് നടപടി സ്വീകരിക്കാ വുന്നതാണ്. |

സെക്ഷൻ ഓഫീസർ